## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.432** **9/02/2016-ൽ മറുപടിക്ക്**

### ഊർജ്ജ പ്രതിസന്ധി നേരിടുന്നതിന് നടപടി.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വൈദ്യുതോത്പാദനത്തിനനുയോജ്യമായ ജല സമ്പത്തിന്റെ എത്ര ശതമാനമാണ് ഇതിനായി ഉപയോഗിക്കുന്നത്; ഇതിന്റെ പരമാവധി അളവിൽ ഉപയോഗം സാധ്യമാകാത്തത് എന്തുകൊണ്ടാണ്; | (എ) കേരളത്തിന്റെ മൊത്തം ജലവിഭവശേഷിയായി കണക്കാക്കപ്പെട്ടിട്ടുള്ള ഉദ്ദേശം 4333 മെഗാവാട്ടിൽ ഇപ്പോൾ നിലവിൽ ഏകദേശം 2090 മെഗാവാട്ട് (48%) ഉല്പാദന ശേഷി കൈവരിച്ചിട്ടുണ്ട്. ബാക്കിയുള്ള വിഭവശേഷിയിൽ ഏകദേശം 1209 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികളുടെ റിപ്പോർട്ട് തയ്യാറാക്കലും അന്വേഷണവും വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു.<br>കേരളത്തിലെ ഭൂപ്രകൃതിയനുസരിച്ച് വൈദ്യുതോല്പാദനത്തിന് അനുയോജ്യമായ സ്ഥലങ്ങൾ ഒട്ടുമിക്കതും വനഭൂമികളാണ്. ആയതിനാൽ പാരിസ്ഥിതിക അനുമതിക്കുള്ള തടസ്സങ്ങളും പൊതുജനങ്ങളുടെ എതിർപ്പുകളും പദ്ധതികൾ സാധ്യമാകുന്നതിനുള്ള പ്രധാന തടസ്സമാണ്. |
| (ബി) കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ആരംഭിച്ച എത്ര ജലവൈദ്യുത പദ്ധതികളാണ് ഇനിയും പൂർത്തീകരിക്കാൻ കഴിയാത്തതെന്നും എന്തൊക്കെയാണ് ആയതിന്റെ തടസ്സങ്ങൾ എന്നും വിശദമാക്കുമോ; | (ബി) 4 പദ്ധതികൾ ഇനിയും പൂർത്തിയാക്കാനുണ്ട്.<br>ഭൂമി ഏറ്റെടുക്കുന്നതിനും വനഭൂമി കൈമാറുന്നതിനും ഉണ്ടായ കാലതാമസവും അതെ തുടർന്നുണ്ടായ കരാർ സംബന്ധമായ വിഷയങ്ങളും കാരണമാണ് പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാത്തത്. |

(സി) സംസ്ഥാനത്തിന്റെ സുപ്രധാന പദ്ധതികളായ വിഴിഞ്ഞം, സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ തുടങ്ങിയ പല പദ്ധതികൾക്കും ഊർജ്ജ ഉപഭോഗം ധാരാളം വേണ്ടി വരുന്ന സാഹചര്യത്തിൽ ഇത് ഏതെങ്കിലും തരത്തിലുള്ള ഊർജ്ജ പ്രതിസന്ധി ഉണ്ടാക്കാൻ ഇടയുള്ളതായി കരുതുന്നുണ്ടോ;

(സി) ഇല്ല. സംസ്ഥാനത്തിന്റെ സുപ്രധാന പദ്ധതികളും, തന്മൂലമുള്ള വർദ്ധിച്ച വൈദ്യുതി ഉപഭോഗവും, തദവസരത്തിൽ ഉണ്ടാകാനിടയുള്ള ആന്തരിക ഊർജ്ജ ലഭ്യതയും കണക്കിലെടുത്ത്, സംസ്ഥാനത്തിന് അധികം വേണ്ടിവരുന്ന വൈദ്യുതി ദീർഘകാല കരാറടിസ്ഥാനത്തിൽ പുറമെ നിന്നും കൊണ്ടുവരുവാനുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ, ഇപ്രകാരം ലഭ്യമാകുന്ന വൈദ്യുതി, പ്രതിസന്ധി കൂടാതെ ഉപഭോക്താക്കളിലെത്തിക്കുന്നതിനു വേണ്ടി വൈദ്യുതി പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിനും, വിപുലീകരിക്കുന്നതിനും ഉള്ള ദീർഘകാല പ്രസരണ പദ്ധതികളും രൂപകല്പന ചെയ്തു വരുന്നു.

(ഡി) സംസ്ഥാനത്തിന്റെ സ്വപ്നപദ്ധതികൾക്കാവശ്യമായ ഊർജ്ജ വിതരണം, സംസ്ഥാനത്തിന്റെ ദൈനംദിന വൈദ്യുത വിതരണത്തിന് തടസ്സമുണ്ടാകാത്ത തരത്തിൽ നിർവ്വഹിക്കുന്നതിന് ആവശ്യമായ മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

(ഡി) ഉണ്ട്. സംസ്ഥാനത്തിന്റെ സ്വപ്ന പദ്ധതികൾക്ക് അധികമായി ആവശ്യമായി വരുന്ന ഊർജ്ജം നിലവിലുള്ള ഉപഭോക്താക്കളുടെ ആവശ്യകതയെ ബാധിക്കാത്ത വിധത്തിൽ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ